16238
21/8/18

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ എ സി മെക്കാനിക്ക് ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട കെ.എസ്.ദിലീപ് കുമാറിന്റെ മകൾ കുമാരി.ആർച്ച ദിലീപ്-ന് ആശ്രിത നിയമന വ്യവസ്ഥയിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്)നം.34/2018/സാം.കാ.വ** **തീയതി,തിരുവനന്തപുരം, 19/08/2018**

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 17.07.2015, 02.11.2017 എന്നീ തിയതികളിലെ 1864/ഇ 2/14/കെ എസ് എഫ് ഡി സി നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ എ സി മെക്കാനിക്ക് ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട കെ.എസ്.ദിലീപ് കുമാറിന്റെ മകൾ കുമാരി.ആർച്ച ദിലീപ് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭ്യമാക്കിയതായും ടിയാൾക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാവുന്നതാണ് എന്നും പരാമർശ കത്തുകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ എ സി മെക്കാനിക്ക് ആയി സേവനം ചെയ്ത് വരവെ 01/07/2011 -ൽ അന്തരിച്ച കെ.എസ്.ദിലീപ് കുമാറിന്റെ സേവനം ക്രമവത്കരിച്ചു നൽകിയിട്ടില്ലെങ്കിലും, അദ്ദേഹത്തിന്റെ മകളായ കുമാരി.ആർച്ച.കെ. ദിലീപിന് പൊതുമേഖല സ്ഥാപനങ്ങളിലെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 18 ൽ നിന്നും ഇളവനുവദിച്ച് പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിൽ പറയുന്ന മറ്റ് യോഗ്യതകൾ ഉണ്ടെങ്കിൽ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ആശ്രിത നിയമന പദ്ധതി പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. നിയമനം സംബന്ധിച്ച ഉത്തരവ് കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്നു ബോധ്യപ്പെടുന്ന പക്ഷം മേൽ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

**സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ, തിരുവനന്തപുരം

കുമാരി.ആർച്ച.കെ.ദിലീപ്, കണ്ണഞ്ചേരി വീട്, വാക പി.ഒ., തൃശ്ശൂർ-680602.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്ലാനിംഗ് & ഇക്കോണോമിക്ക് അഫേയ്സ് (ബി പി ഇ)വകുപ്പ് (28.06.2018 ലെ PLGEA-BPE2/101/2018-PLGEA പ്രകാരം)

GA(SC) വകുപ്പ് (14.08.2018 ലെ ഇനം നമ്പർ 2416 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

Rh
16/8

# കേരള സർക്കാർ

38 **മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

## തീയതി : 14-08-2018

ഫയൽ നം.72/എ3/2017/സാം.കാ.വ. ഇനം നം: 2416

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ കുമാരി ആർച്ച കെ. ദിലീപ്-ന് ആശ്രിത നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

39. മുൻ ഫയലിലെ ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

17/8/18

17/8/18

A.S
Secy
(Culture) 17/8/18

17/8/18

Rh
18/8

RANI GEORGE IAS
Secretary to Government
Cultural Affairs Department
Thiruvananthapuram.

17/8/18
അഡീഷണൽ സെക്രട്ടറി
സാംസ്കാരികകാര്യ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്

# കേരള സർക്കാർ

## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)

## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 72/എ 3/2017/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ കുമാരി.ആർച്ച.കെ.ദിലീപ് ന് ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16/07/18 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത.കെ |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 31/07/18 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ടോം ജോസ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02/08/18 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08/08/18 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/08/18 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ എ.സി മെക്കാനിക്ക് ആയി ജോലി ചെയ്തു വരവെ മരണപ്പെട്ട കെ.എസ്.ദിലീപ് കുമാറിന്റെ മകൾ കുമാരി.ആർച്ച ദിലീപിന് ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കെ.എസ്.ദിലീപ് കുമാറിന്റെ സർവ്വീസ് കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് റഗുലറൈസ് ചെയ്തതായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 30.09.2015 ലെ സ.ഉ (എം.എസ്) 29/2015/സാം.കാ.വ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ 10 വർഷം പൂർത്തിയാക്കിയ ദിവസവേതനം/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 53 പേരെ സ്ഥിരപ്പെടുത്തിയിരുന്നു. മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേയ്ക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായപ്പോൾ കെ.എസ്.ദിലീപ് കുമാർ മരണപ്പെട്ടതിനാൽ ടിയാന്റെ പേര് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സ്ഥിരപ്പെടുത്തുന്നവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ സമാനമായ സാഹചര്യത്തിൽ മരണമടഞ്ഞ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകി സർക്കാർ ഉത്തരവ് നൽകിയ കീഴ്വഴക്കം ഉള്ളതിനാൽ കുമാരി.ആർച്ച ദിലീപിന്റെ അപേക്ഷ മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്യുകയും അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുമാരി.ആർച്ച ദിലീപിന്റെ അപേക്ഷ തൃശ്ശൂർ ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട്.

3) ഫയൽ അഭിപ്രായത്തിനായി പ്ലാനിംഗ് വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിൽ എ.സി മെക്കാനിക്ക് ആയി ജോലി ചെയ്തു വരവേ മരണപ്പെട്ട ജീവനക്കാരനായ കെ എസ്.ദിലീപ് കുമാറിന്റെ മകളായ കുമാരി.ആർച്ച കെ.ദിലീപിന് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മരണമടഞ്ഞ ജീവനക്കാരന്റെ സർവ്വീസ് ക്രമീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ സ.ഉ (അച്ചടി)

നം.32/2007 പ്ലാനിംഗ് തിയതി 07.06.2007 ഉത്തരവിലെ ഖണ്ഡിക 18 പ്രകാരം കുമാരി ആർച്ച ദിലീപ് ആശ്രിത നിയമനപ്രകാരം നിയമനം ലഭിക്കുന്നതിന് അർഹയല്ല. അതിനാൽ ഈ വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിൽ ഈ വകുപ്പിന് പരിമിതിയുണ്ട് എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

പ്രസ്തുത വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണ വകുപ്പിന് തന്നെ തീരുമാനമെടുക്കാവുന്നതാണ്."

4) പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ എ.സി.മെക്കാനിക്ക് ആയി ജോലി ചെയ്തു വരവെ 01.07.2011 ൽ മരണപ്പെട്ട കെ.എസ്.ദിലീപ് കുമാറിന്റെ സർവ്വീസ് റെഗുലറൈസ് ചെയ്തിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ മകളായ കുമാരി.ആർച്ച.കെ. ദിലീപിന് പൊതുമേഖല സ്ഥാപനങ്ങളിലെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 18 ൽ നിന്നും ഇളവനുവദിച്ച് പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിൽ പറയുന്ന മറ്റ് യോഗ്യതകൾ ഉണ്ടെങ്കിൽ, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, ആശ്രിത നിയമന പദ്ധതി പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ, അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകാവുന്നതാണോ?